# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം **നം.746** — **04.03.2020** -ൽ മറുപടിയ്ക്ക്

## കാട്ടു തീ തടയുന്നതിനുള്ള സംവിധാനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കാട്ടു തീ തടയുന്നതിന് വനം വകുപ്പ് നടപ്പിലാക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) കാട്ടുതീ തടയുവാൻ നടപ്പിലാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി റെയിഞ്ച് തലത്തിൽ ആദ്യം ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നു. കാട്ടു തീ തടയുന്നതിനുള്ള മാർഗ്ഗങ്ങളും ആയതിന് ആവശ്യമായ ഫണ്ടിന്റെ വിവരങ്ങളും കാട്ടുതീ പ്രവണതയുള്ള പ്രദേശങ്ങളുടെ സ്കെച്ച് / വിവരങ്ങൾ Highly Fire Prone, Moderately Fire Prone & Low Fire Prone എന്ന് തിരിച്ച് റെയിഞ്ച് തലത്തിൽ തയ്യാറാക്കിയ ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഡിവിഷൻ തലത്തിൽ ക്രോഡീകരിച്ച് സർക്കിൾ തലത്തിൽ പരിശോധിച്ച് അംഗീകരിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ഇത്തരത്തിൽ 5 ടെറിട്ടോറിയൽ സർക്കിളുകളിൽ നിന്നും 3 വൈൽഡ് ലൈഫ് സർക്കിളുകളിൽ നിന്നും ലഭ്യമാക്കുന്ന ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഏകീകരിച്ച് ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര വനം - |

പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കാട്ടുതീ ഉണ്ടാകുന്നതിന് തീവ്രസാധ്യതയുള്ള മേഖലകളിൽ കുറഞ്ഞ തോതിൽ മുൻകൂർ കത്തിക്കലും, നിയന്ത്രിത കത്തിക്കലും ചെയ്തു വരുന്നു.

ഡിവിഷൻ, റെയിഞ്ച് തലങ്ങളിൽ ഫയർ കൺട്രോൾ റൂമുകൾ എല്ലാ സർക്കിളിനു കീഴിലും ആരംഭിച്ചിട്ടുണ്ട്. വനംവകുപ്പാസ്ഥാനത്തും ഫയർ സെൽ പ്രവർത്തിച്ചു വരുന്നു. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI) മുഖാന്തിരം ലഭിക്കുന്ന ഫയർ അലർട്ടുകൾ വനംവകുപ്പാസ്ഥാനത്തെ ഫയർസെല്ലിൽ നിന്നും യഥാസമയം ഡിവിഷൻ, സർക്കിൾ തല ഫയർ കൺട്രോൾ റൂമുകളിൽ നൽകുകയും തുടർ നടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

കാട്ടുതീ ഉണ്ടാകുന്നതിന് തീവ്രസാധ്യതയുള്ള മേഖലകളിൽ കുറഞ്ഞ തോതിൽ മുൻകൂർ കത്തിക്കൽ, നിയന്ത്രിത കത്തിക്കൽ, കൂടുതൽ ഫയർ ലൈനുകൾ സൃഷ്ടിക്കൽ, ഫയർ വാച്ചർമാരെ സുരക്ഷക്കായി നിയോഗിക്കൽ എന്നിവ ചെയ്തുവരുന്നു.

വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റി പോകുന്നത് തടയാനും ജലലഭ്യത ഉറപ്പാക്കാനും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുന്നു. പഴയ കുളങ്ങളും ചെക്കു ഡാമുകളും നവീകരിക്കുന്നു. മണ്ണ് സംരക്ഷിച്ച് ജലാംശം

നിലനിർത്തുന്നതിന് ഗള്ളി പ്ലഗ്ഗിങ്ങുകൾ നടത്തുന്നു.

പൊതുജനങ്ങൾക്കും ജീവനക്കാർക്കും ബോധവൽക്കരണ ക്ലാസുകളും റാലികളും സംസ്ഥാനമൊട്ടാകെ നടത്തിവരുന്നു. ദൃശ്യ - ശ്രാവ്യ മാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയിലൂടെ കാട്ടുതീക്കെതിരെ ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്നു.

ഫയർ പട്രോളിംഗ് ശക്തമാക്കി എല്ലാ ജീവനക്കാരും വാച്ചർമാരും വനത്തിന്റെ എല്ലാ പ്രദേശങ്ങളിലും ഉണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC) / വനസംരക്ഷണ സമിതി (VSS) അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ലൈനുകൾ തെളിക്കുകയും ഗാങ്ങുകൾ രൂപീകരിച്ച് ആവശ്യാനുസരണം കാട്ടുതീ മേഖലകളിലേക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു.

സാമൂഹ്യ വിരുദ്ധർ വനപ്രദേശത്ത് പ്രവേശിക്കുന്നത് തടയുന്നതിന് സ്റ്റാഫിന്റെ പട്രോളിംഗ് ശക്തമാക്കുകയും താൽക്കാലിക വാച്ച് ടവർ ഉൾപ്പെടെ നിർമ്മിച്ച് നിരീക്ഷണം ശക്തമാക്കുകയും ചെയ്യുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | കാട്ടുതീ യഥാസമയം കണ്ടെത്തി നിയന്ത്രിക്കുന്നതിനുള്ള ഫയർ അലർട്ട് സിസ്റ്റം എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ടെന്ന് | (ബി) | വനമേഖലയിലെ കാട്ടുതീ യഥാസമയം കണ്ടെത്തി നടപടി സ്വീകരിക്കുന്നതിലേക്കായി ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI) വികസിപ്പിച്ചെടുത്തിട്ടുള്ള നൂതന സാങ്കേതിക |

| | |
|---|---|
| വ്യക്തമാക്കുമോ; ഇതിന്റെ പ്രവർത്തനം വിശദീകരിക്കുമോ; | വിദ്യയാണ് ഫയർ അലർട്ട് സിസ്റ്റം. വനം വകുപ്പിലെ ജീവനക്കാരും പൊതുജനങ്ങളും ഉൾപ്പെടെ ആകെ 3700 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്കും ടി സംവിധാനത്തിൽ മൊബൈൽ നമ്പർ നൽകി രജിസ്റ്റർ ചെയ്യാവുന്നതാണ്.<br><br>എഫ്.എസ്.ഐയുടെ ടി സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുന്ന വ്യക്തിക്ക് ടിയാന്റെ മൊബൈൽ ഫോണിൽ എസ്.എം.എസ് മുഖേന തീയുടെ വിവരം, കൃത്യസ്ഥലം (അക്ഷാംശവും രേഖാംശവും അടക്കം), കൃത്യസ്ഥലത്തിൻറെ ഭൂപടം ലഭിക്കുന്നതിനുള്ള ലിങ്ക് എന്നിവ ലഭ്യമാകുന്നതാണ്. ആയതിന് ആസ്പദമായി ക്രിയാത്മകമായ പ്രതിരോധ പ്രവർത്തികൾ സ്വീകരിക്കാൻ കഴിയും. ഇപ്രകാരം ലഭിക്കുന്ന വിവരത്തിന് ഫീഡ്ബാക്ക് നൽകുന്നതിനുള്ള ഒരു ലിങ്ക് കൂടി എസ്.എം.എസ് സന്ദേശത്തിൽ ലഭ്യമാണ്. ഈ ലിങ്ക് ഉപയോഗിച്ച് ലഭിച്ച വിവരം കൃത്യമാണോ എന്ന് എഫ്.എസ്.ഐ-ക്ക് ഫീഡ് ബാക്ക് നൽകുന്നു. ഇത് ടി സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എഫ്.എസ്.ഐ-യെ സഹായിക്കുന്നു.<br><br>അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ 2016 മുതൽ പ്രവർത്തിച്ച് വരുന്നു. ഇതിനു പുറമെ എല്ലാ വന |

| | | |
|---|---|---|
| | | ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു. ജനുവരി മുതൽ മെയ് വരെയുള്ള ഫയർ സീസണിൽ 24 മണിക്കൂറും ഫയർ കൺട്രോൾ റൂം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. എഫ്.എസ്.ഐ മുഖേന ലഭിക്കുന്ന കാട്ടുതീ സാദ്ധ്യത അലർട്ടുകളും തീയുണ്ടാകുന്ന പക്ഷം അവയുടെ അലർട്ടുകളും അതാത് ഡിവിഷൻ കൺട്രോൾ റൂമിൽ അറിയിച്ച് കാട്ടുതീയെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | അപൂർവ്വ വൃക്ഷങ്ങളും സസ്യങ്ങളുമുള്ള പ്രദേശങ്ങളിൽ കാട്ടുതീ പടരാതെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) അപൂർവ്വ വൃക്ഷങ്ങളും സസ്യങ്ങളുമുള്ള പ്രദേശങ്ങളിൽ കാട്ടുതീ പടരാതെ സംരക്ഷിക്കുന്നതിന് വനമേഖലയെ തീ കത്തുന്നതിന് കൂടുതൽ സാധ്യതയുള്ള മേഖല, മിതമായ സാധ്യതയുള്ള മേഖല, സാധ്യത കുറവായ മേഖല എന്നിങ്ങനെ തരം തിരിച്ച് ഫയർ ബ്ലോക്കുകൾ തയ്യാറാക്കുന്നു. തീവ്രസാധ്യതയുള്ള മേഖലകളിൽ കൂടുതൽ ഫയർ ലൈനുകൾ സൃഷ്ടിക്കുകയും ഫയർ വാച്ചർമാരെ സുരക്ഷക്കായി നിയോഗിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ